പതിനഞ്ചാം കേരള നിയമസഭ

ബിൽ നമ്പർ 38

# 2021-ലെ കേരള സഹകരണസംഘ (ഭേദഗതി) ബിൽ

©

കേരള നിയമസഭാ സെക്രട്ടേറിയറ്റ്

2022

കേരള നിയമസഭാ പ്രിന്റിംഗ് പ്രസ്സ്.

പതിനഞ്ചാം കേരള നിയമസഭ

ബിൽ നമ്പർ 38

# 2021-ലെ കേരള സഹകരണസംഘ (ഭേദഗതി) ബിൽ

പതിനഞ്ചാം കേരള നിയമസഭ

ബിൽ നമ്പർ 38

# 2021-ലെ കേരള സഹകരണ സംഘ (ഭേദഗതി) ബിൽ

## 1969-ലെ കേരള സഹകരണ സംഘ ആക്ട് വീണ്ടും ഭേദഗതി ചെയ്യുന്നതിനുള്ള ഒരു ബിൽ

പീഠിക.—1969-ലെ കേരള സഹകരണ സംഘ ആക്ട് (1969-ലെ 21) ഇതിനുശേഷം കാണുന്ന ആവശ്യങ്ങൾക്കായി വീണ്ടും ഭേദഗതിചെയ്യുന്നത് യുക്തമായിരിക്കയാൽ;

ഭാരത റിപ്പബ്ലിക്കിന്റെ എഴുപത്തിരണ്ടാം സംവത്സരത്തിൽ താഴെപ്പറയും പ്രകാരം നിയമമുണ്ടാക്കുന്നു:—

1. ചുരുക്കപ്പേരും പ്രാരംഭവും.—(1) ഈ ആക്റ്റിന് 2021-ലെ കേരള സഹകരണ സംഘ (ഭേദഗതി) ആക്ട് എന്ന് പേര് പറയാം.

(2) ഇത് ഉടൻ പ്രാബല്യത്തിൽ വരുന്നതാണ്.

2. 22-ാം വകുപ്പിന്റെ ഭേദഗതി.—1969-ലെ കേരള സഹകരണ സംഘ ആക്റ്റിലെ (1969-ലെ 21) (ഇതിനുശേഷം പ്രധാന ആക്ട് എന്നാണ് പരാമർശിക്കപ്പെടുക) 22-ാം വകുപ്പിന്റെ (1)-ാം ഉപവകുപ്പിൽ നിലവിലുള്ള ക്ലിപ്തനിബന്ധനയ്ക്കു ശേഷം താഴെപ്പറയുന്ന ക്ലിപ്തനിബന്ധന ചേർക്കേണ്ടതാണ്, അതായത്:—

"എന്നുമാത്രമല്ല, ആർ.ബി.ഐ. ലൈസൻസുള്ള ഒരു അർബൻ സഹകരണ ബാങ്കിൽ, ഒരു വ്യക്തിഗത അംഗത്തിന് കൈവശം വയ്ക്കാൻ കഴിയുന്ന പരമാവധി ഓഹരി മൂലധന തുക, ബാങ്കിന്റെ ആകെ അടച്ചുതീർത്ത ഓഹരി മൂലധന മൂല്യത്തിന്റെ അഞ്ച് ശതമാനമായി നിജപ്പെടുത്തിയിരിക്കുന്നു.".

## ഉദ്ദേശ്യകാരണങ്ങളുടെ വിവരണം

1. 1969-ലെ കേരള സഹകരണ സംഘം ആക്റ്റിന്റെ (1969-ലെ 21-ാം ആക്ട്) 22-ാം വകുപ്പ് പ്രകാരം സർക്കാർ ഒഴികെ, ഒരു അംഗത്തിനോ ഗവൺമെന്റ് ഇതിലേയ്ക്കായി അംഗീകരിച്ചിട്ടുള്ള സ്റ്റാറ്റ്യൂട്ടറി/നോൺ-സ്റ്റാറ്റ്യൂട്ടറി ബോർഡിനോ കമ്മിറ്റിയ്ക്കോ കോർപ്പറേഷനോ, ഏതെങ്കിലും സംഘത്തിനോ ഒരു സംഘത്തിന്റെ ഓഹരി മൂലധനത്തിന്റെ പരമാവധി അഞ്ചിൽ ഒന്ന് ഭാഗം കൈവശം വയ്ക്കാവുന്നതാണ്. ബാങ്കിന്റെ ഒരു വ്യക്തിഗത അംഗത്തിന്

കൈവശം വയ്ക്കാവുന്നത് ആകെ അടച്ച മൂലധനത്തിന്റെ അഞ്ച് ശതമാനമാക്കി നിയന്ത്രിക്കണമെന്ന് റിസർവ് ബാങ്ക് ഓഫ് ഇൻഡ്യ എല്ലാ അർബൻ കോ-ഓപ്പറേറ്റീവ് ബാങ്കുകളെയും ഉപദേശിച്ചിട്ടുള്ളതും പ്രസ്തുത വിഷയം കോ-ഓപ്പറേറ്റീവ് അർബൻ ബാങ്കുകളുടെ (ടാഫ്കബ്) ടാസ്ക് ഫോഴ്സ് യോഗത്തിൽ പരിഗണിക്കുകയും ആർ.ബി.ഐ. ലൈസൻസുള്ള അർബൻ ബാങ്കുകളിൽ വ്യക്തിഗത അംഗം കൈവശം വയ്ക്കാവുന്ന ഓഹരി പരമാവധി മൊത്തം അടച്ച ഓഹരി മൂലധനത്തിന്റെ അഞ്ച് ശതമാനമായി നിജപ്പെടുത്തേണ്ടത് അത്യാവശ്യമാണെന്ന് സർക്കാർ കരുതുകയും ചെയ്യുന്നു.

2. മേൽപ്പറഞ്ഞ ലക്ഷ്യം നിറവേറ്റുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ ബിൽ.

## ധനകാര്യമെമ്മോറാണ്ടം

ഈ ബിൽ നിയമമാക്കുകയും പ്രാബല്യത്തിൽ കൊണ്ടുവരികയും ചെയ്താൽ സംസ്ഥാന സഞ്ചിത നിധിയിൽ നിന്നും യാതൊരു അധിക ചെലവും ഉണ്ടാകുന്നതല്ല.

വി. എൻ. വാസവൻ

(ശരിതർജ്ജമ)

# 1969-ലെ കേരള സഹകരണ സംഘ ആക്റ്റിൽ (1969-ലെ 21) നിന്നുള്ള പ്രസക്ത ഭാഗങ്ങൾ

** ** ** **

22. ഓഹരികൾ കൈവശം വയ്ക്കുന്നതിൽ നിയന്ത്രണം.—(1) ഏതൊരു സംഘത്തിലും, ഗവൺമെന്റോ ഗവൺമെന്റ് ഇതിലേയ്ക്കായി അംഗീകരിച്ചിട്ടുള്ള സ്റ്റാറ്റ്യൂട്ടറിയോ നോൺ സ്റ്റാറ്റ്യൂട്ടറിയോ ആയ ബോർഡിനോ, കമ്മിറ്റിക്കോ, കോർപ്പറേഷനോ അല്ലെങ്കിൽ മറ്റ് ഏതെങ്കിലും സംഘത്തിനോ അല്ലാതെ യാതൊരംഗത്തിനും സംഘത്തിന്റെ മൊത്തം ഓഹരി മൂലധനത്തിന്റെ അഞ്ചിൽ ഒന്നിൽ കവിയാതെ നിർണ്ണയിക്കപ്പെടാവുന്നതിൽ കവിഞ്ഞ ഭാഗം കൈവശം വയ്ക്കാൻ പാടുള്ളതല്ല;

എന്നാൽ, ഗവൺമെന്റിന്, ഗസറ്റ് വിജ്ഞാപനംമൂലം, ഏതെങ്കിലും വിഭാഗത്തിൽപ്പെട്ട സംഘങ്ങളെ സംബന്ധിച്ചിടത്തോളം ഓഹരി മൂലധനത്തിന്റെ അഞ്ചിലൊന്നിനേക്കാൾ കൂടിയ പരമാവധി നിർദ്ദേശിക്കാവുന്നതാണ്.

** ** ** **